## തിരുവനന്തപുരം ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിലെ അഡീഷണൽ ഡയറക്ടറുടെ (മെഡിക്കൽ)നടപടിക്രമം

വിഷയം: ആവഡ- ആരോഗ്യ വകുപ്പിലെ റേഡിയോഗ്രാഫർമാരുടെ 31/03/2012 വരെയുള്ള കാലയളവിലെ അന്തിമ ഏകീകൃത സീനിയോരിറ്റിപ്പട്ടിക പ്രസിദ്ധീകരിച്ച്കൊണ്ടുള്ള ഉത്തരവ്.

സൂചന: 1.GO (Rt)No.4815/2010/H&FWD Dt.07/12/2010
2.Govt.Lr. No.2280/H2/11/H&FWD Dt.09/02/2011
3.No.7923/H2/2011/H&FWD Dt.18/05/2011
4.No.52330/H2/12/H&FWD Dt.03/03/2013
5.This office order even no. Dt.24/06/2013
6. GO(Rt)No.3300/2013/H&FWD Dt.27/09/2013
7. This office order even no. Dt.13/02/2015
8.GO(Rt)No.1451/2015/H&FWD Dt.18/05/2015
9. This office order even no. Dt.07/07/2015
10.OA-1680/2015 Dt.22/12/2015 from Hon.ble KAT
11.GO(Rt)No.1440/2016/H&FWD Dt.23/05/2016

### ഉത്തരവ് നമ്പർ – ഇ.എസ് 2/65202/2011/ആവഡ, തീയതി.24/06/2016

സൂചന 1 ലെ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ആരോഗ്യ വകുപ്പിലെ നിലവിലുള്ള റേഡിയോഗ്രാഫർമാരുടെ പ്രമോഷനെ പ്രതികൂലമായി ബാധിക്കാത്ത വിധത്തിൽ റേഡിയോഗ്രാഫർ, എക്സ്റേ ടെക്നിഷ്യൻ എന്നീ തസ്തികകൾ സംയോജിപ്പിച്ചുകൊണ്ട് 'റേഡിയോഗ്രാഫർ' എന്ന ഒറ്റതസ്തികയായി പുനർ നാമകരണം ചെയ്യുകയുണ്ടായി. തുടർന്ന് ടി തസ്തികയിലെ സീനിയോരിറ്റി സംബന്ധിച്ച് തർക്കമുണ്ടായ സാഹചര്യത്തിൽ പ്രസ്തുത സംയോജന സമയത്ത് സർവീസിലുള്ള റേഡിയോഗ്രാഫർമാർ എക്സ്റേ ടെക്നിഷ്യൻമാരേക്കാളും സീനിയറായിരിക്കണമെന്ന് സൂചന 2 പ്രകാരം സർക്കാരിൽ നിന്നും നിർദ്ദേശം ലഭിക്കുകയും ചെയ്തു. തുടർന്ന സൂചന 3, 4 പ്രകാരമുള്ള സർക്കാർ കത്തുകൾ പ്രകാരം പി.എസ്.സി മുഖേന നേരിട്ട് നിയമനം ലഭിച്ചവരുടെ കാര്യത്തിൽ കെ.എസ് & എസ്.എസ്.ആർ ഭാഗം 2 ചട്ടം 27 (സി) അനുസരിച്ചും അല്ലാതെ നിയമനം ലഭിച്ചവരുടെ കാര്യത്തിൽ ചട്ടം 27 (എ) പ്രകാരവും ഏകീകൃത സീനിയോരിറ്റി ലിസ്റ്റ് തയ്യാറാക്കുവാൻ നിർദ്ദേശിച്ചിരുന്നു. ഒരേ രീതിയിലാണ് അഡ്വൈസ് തീയതി എങ്കിൽ ചട്ടം 27 (എ) രണ്ടാമത്തെ പ്രൊവിസോ മാതൃകയാക്കികൊണ്ട് വയസ്സിന്റെ അടിസ്ഥാനത്തിൽ സീനിയോരിറ്റി ക്രമീകരിക്കുവാനും നിർദ്ദേശിച്ചിരുന്നു. അപ്രകാരം സൂചന 5 പ്രകാരം സീനിയോരിറ്റിപ്പട്ടിക തയ്യാറാക്കുകയും ചെയ്തു.

എന്നാൽ സൂചന 6 ലെ ഉത്തരവ് പ്രകാരം പ്രസ്തുത സീനിയോരിറ്റിപ്പട്ടിക റദ്ദാക്കുകയും സൂചന 1 ലെ സർക്കാർ ഉത്തരവ് പ്രകാരം തസ്തികകൾ സംയോജനസമയത്ത് സർവീസിലുള്ള റേഡിയോഗ്രാഫർ തസ്തികയലുള്ളവരുടെ സീനിയോരിറ്റി സംരക്ഷിച്ചുകൊണ്ടുള്ള പട്ടിക തയ്യാറാക്കുന്നതിനും നിർദ്ദേശം

നൽകിയിരുന്നു. അപ്രകാരം റേഡിയോഗ്രാഫർമാരുടെ 31/03/2012 വരെയുള്ള ഏകീകൃത സീനിയോരിറ്റിപ്പട്ടിക സൂചന 7 പ്രകാരം തയ്യാറാക്കിയിരുന്നു. പ്രസ്തുത സീനിയോരിറ്റിപ്പട്ടികയിൻമേൽ നിരവധി ആക്ഷേപങ്ങളും പരാതികളും ഉണ്ടായതിനാൽ സൂചന 8 പ്രകാരം സൂചന 7 ലെ സീനിയോരിറ്റിപ്പട്ടിക സർക്കാർ റദ്ദാക്കുകയും കെ.എസ്&എസ്.എസ്.ആർ ഭാഗം 2 ചട്ടം 27(എ) 27(സി) അനുസരിച്ച് ഏകീകൃത സീനിയോരിറ്റിപ്പട്ടിക തയ്യാറാക്കുന്നതിനം സർക്കാർ നിർദ്ദേശം നൽകയിരിക്കുന്നു. അപ്രകാരം റേഡിയോഗ്രാഫർമാരുടെ സൂചന 7 പ്രകാരം തയ്യാറാക്കിയ സീനിയോരിറ്റിപ്പട്ടിക റദ്ദ് ചെയ്ത് കൊണ്ടും സൂചന 5 പ്രകാരം തയ്യാറാക്കിയ സീനിയോരിറ്റിപ്പട്ടിക സൂചന 9 പ്രകാരം പുനസ്ഥാപിക്കുകയും ചെയ്തു. പ്രസ്തുത ഉത്തരവ് നടപ്പിലാക്കുന്നത് താൽകാലികമായി നിർത്തിവയ്ക്കാൻ ബഹുമാനപ്പെട്ട കേരളാ അഡ്മിസ്ട്രേറ്റീവ് ട്രൈബ്യൂണൽ സൂചന 10 പ്രകാരം നിർദ്ദേശം നൽകിയിരുന്നു. എന്നാൽ പരാതിക്കാരും എതിർകക്ഷികളുമായി സർക്കാർ ചർച്ച നടത്തുകയും അതിന്റെ അടിസ്ഥാനത്തിൽ സൂചന 8 പ്രകാരം പ്രസിദ്ധീകരിച്ച ഉത്തരവ് നിയമപരമായി നിലനിൽക്കുന്നതായി സൂചന 11 പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്.

ഈ സാഹചര്യത്തിൽ റേഡിയോഗ്രാഫർമാരുടെ സൂചന 5 പ്രകാരം തയ്യാറാക്കിയ സീനിയോരിറ്റിപ്പട്ടിക നിലനിർത്തി ഇതിനാൽ ഉത്തരവാകുന്നു.

ഒപ്പ്
ഡോക്ടർ. ബി.ശ്രീലത
ആരോഗ്യ വകുപ്പ് അഡീഷണൽ ഡയറക്ടർ (മെഡിക്കൽ)

സ്വീകർത്താക്കൾ.

1. എല്ലാ ജില്ലാ മെഡിക്കൽ ആഫീസർമാർക്കും.
2. ബന്ധപ്പെട്ട എല്ലാ സ്ഥാപന മേലധികാരികൾക്കും.
3. ബന്ധപ്പെട്ട എല്ലാ ജീവനക്കാർക്കും
4. ഇ.എഫ്. സെക്ഷൻ.
5. ഫയൽ/ കരുതൽ ഫയൽ

//അംഗീകാരത്തോടെ//

സൂപ്രണ്ട്